# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


**പി.ആർ.ഒ./39/261/2018** **2018 ഡിസംബർ 5**

# എം.ജി. വാർത്താക്കുറിപ്പ്

## പി.ജി. സിലബസ് പരിഷ്ക്കരണം; ശില്പശാലകൾക്ക് തുടക്കം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിരുദാനന്തര ബിരുദ പാഠ്യപദ്ധതിയും സിലബസും പരിഷ്ക്കരിക്കുന്നതിനുള്ള ശില്പശാലകൾക്ക് തുടക്കമായി. വിവിധ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർപേഴ്സൺമാർക്കും വിദഗ്ധ സമിതി അംഗങ്ങൾക്കുമുള്ള ശില്പശാല സർവകലാശാല അസംബ്ലി ഹാളിൽ നടന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു.

അധ്യാപക വികസന പരിപാടികൾക്ക് കൂടുതൽ പ്രാധാന്യം നൽകുമെന്നും പാഠ്യപദ്ധതിയും ചോദ്യബാങ്കും തയ്യാറാക്കുന്നതിൽ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുമെന്നും അദ്ദേഹം പറഞ്ഞു. സിലബസിൽ തുടർച്ചയായ പരിഷ്ക്കരണം അനിവാര്യമാണെന്നും അദ്ദേഹം സൂചിപ്പിച്ചു. സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷത വഹിച്ചു. നാഗർകോവിൽ സ്കോട് ക്രിസ്ത്യൻ കോളേജിലെ ഡോ. സി. ജെയിംസ് ക്ലാസ്സെടുത്തു.

സിൻഡിക്കേറ്റംഗങ്ങളായ വി.എസ്. പ്രവീൺകുമാർ, ഡോ. ആർ. പ്രഗാഷ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. എ. ജോസ്, പ്രൊഫ. കെ. എം. കൃഷ്ണൻ, ഡോ. പി.കെ. പത്മകുമാർ, ഡോ. ആർ. അനിത, ഡോ. റോയ് സാം ഡാനിയേൽ, ഡോ. മിനി ജോസഫ് എന്നിവർ പ്രസംഗിച്ചു. കൊമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസിന്റെ ശില്പശാലയ്ക്ക് തുടക്കമായി. ഡിസംബർ ഏഴുവരെയാണ് ശില്പശാല.

പരിഷ്ക്കരിച്ച പാഠ്യപദ്ധതിയനുസരിച്ചാണ് 2019-20 മുതൽ ബിരുദാനന്തര ബിരുദ പി.ജി. സി.എസ്.എസ്. കോഴ്സുകൾ നടക്കുക. ജനുവരിയോടെ എല്ലാ ബോർഡ് ഓഫ് സ്റ്റഡീസിന്റെയും ശില്പശാലകൾ പൂർത്തീകരിക്കും. ഫെബ്രുവരി 15നകം പരിഷ്ക്കരിച്ച പാഠ്യപദ്ധതികൾ സർവകലാശാലയ്ക്ക് സമർപ്പിക്കും. മൂന്ന് ദിവസം നീളുന്ന ശില്പശാലകളാണ് എല്ലാ വിഷയത്തിലും നടക്കുക.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാലയുടെ ബിരുദാനന്തര ബിരുദ പാഠ്യപദ്ധതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് ആരംഭിച്ച ശില്പശാലയുടെ ഉദ്ഘാടനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

## പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെയും സീപാസിലേയും ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2018 അഡ്മിഷൻ റഗുലർ/2015-2017 അഡ്മിഷൻ സപ്ലിമെന്ററി-ദ്വിവത്സരം) പരീക്ഷകൾ ഡിസംബർ 31ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഡിസംബർ 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 14 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർഥികൾ 200 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

മൂന്നാം വർഷ എം.എസ്‌സി. മെഡിക്കൽ അനാട്ടമി (2014 അഡ്മിഷൻ റഗുലർ/2014ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ഡിസംബർ 19ന് ആരംഭിക്കും. അപേക്ഷ പിഴയില്ലാതെ ഡിസംബർ ഏഴ് വരെയും 500 രൂപ പിഴയോടെ 10 വരെയും 1000 രൂപ സൂപ്പർഫൈനോടെ 11 വരെയും സ്വീകരിക്കും.

**വൈവാവോസി**

ആറാം സെമസ്റ്റർ എം.സി.എ. നവംബർ/ഡിസംബർ 2018 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയവും വൈവാവോസിയും ഡിസംബർ 13 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ.

**പരീക്ഷാഫലം**

2018 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.സി.എ. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 20 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ, ദ്വിവത്സര എം.എസ്.സി. മാത്തമാറ്റിക്സ് (മേഴ്സി ചാൻസ് - പ്രൈവറ്റ് റഗുലർ/സപ്ലിമെന്ററി), നാലാം സെമസ്റ്റർ നോൺ സി.എസ്.എസ്. (മേഴ്സി ചാൻസ്) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 20 വരെ അപേക്ഷിക്കാം.

**എം.ജി. സർവകലാശാല യൂണിയൻ**

**ഉദ്ഘാടനം ഇന്ന്**

മഹാത്മാ ഗാന്ധി സർവകലാശാല യൂണിയന്റെ പ്രവർത്തനങ്ങൾക്ക് ഇന്ന് (ഡിസംബർ 6) തുടക്കമാകും. യൂണിയൻ ഉദ്ഘാടനം രാവിലെ 10ന് തൊടുപുഴ അൽ അസർ കോളേജിൽ ജോയിസ് ജോർജ് എം.പി. നിർവഹിക്കും. മാധ്യമപ്രവർത്തകനായ അഭിലാഷ് മോഹൻ മുഖ്യപ്രഭാഷണം നടത്തും. ചെയർമാൻ നിഖിൽ എസ്. നായർ അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗം ഡോ. പി.കെ. പത്മകുമാർ, ഡി.എസ്.എസ്. ഡയറക്ടർ ഡോ. എം.കെ. ബിജു, അൽ അസർ ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻ ചെയർമാൻ കെ.എം.മൂസ, യൂണിയൻ ജനറൽ സെക്രട്ടറി സായികൃഷ്ണ, വൈസ് ചെയർമാൻ കെ.ആർ. അജിത് കൃഷ്ണ എന്നിവർ പങ്കെടുക്കും.

**ഇന്നലെ അയച്ച ഈ വാർത്തയിലെ സമ്മേളനം തുടങ്ങുന്ന ദിവസത്തിൽ മാറ്റം വന്നിട്ടുണ്ട്. ദയവായി ഇത് ഉപയോഗിക്കുക.**

## രാജ്യാന്തര ജല സമ്മേളനം എട്ട് മുതൽ

ജല മലിനീകരണം മുതൽ ശുദ്ധീകരണം വരെയുള്ള വിഷയങ്ങൾ ചർച്ചചെയ്യുന്ന രാജ്യാന്തര ജല കോൺഫറൻസ് **ഡിസംബർ എട്ട് മുതൽ** 10 വരെ മഹാത്മാഗാന്ധി സർവകലാശാലയിൽ നടക്കും. മഹാത്മാഗാന്ധി സർവകലാശാല എൻവയോൺമെന്റൽ സയൻസസും അഡ്വാൻസ്ഡ് സെന്റർ ഫോർ എൻവയോൺമെന്റൽ സ്റ്റഡീസ് ആൻഡ് സസ്റ്റൈനബിൾ ഡെവലപ്മെന്റുമാണ് കോൺഫറൻസ് സംഘടിപ്പിക്കുന്നത്. **ഡിസംബർ എട്ടിന്** രാവിലെ 8.45 ന് സ്കൂൾ ഓഫ് പ്യുവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് സെമിനാർ ഹാളിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും.

അമേരിക്ക, ഇസ്രയേൽ, ജർമനി, ഫ്രാൻസ്, സ്പെയിൻ, ടുണീഷ്യ, ഓസ്ട്രേലിയ, സൗദി അറേബ്യ, ബ്രസീൽ, സ്ലൊവേനിയ, നോർവേ, തായ്‌ലൻഡ്, ബ്രിട്ടൻ, ജപ്പാൻ, മലേഷ്യ, ഓസ്ട്രിയ, കാനഡ എന്നിവിടങ്ങളിൽനിന്ന് വിദഗ്ധരും പ്രതിനിധികളും പങ്കെടുക്കും.

കാർഷിക, വ്യവസായ, ഗാർഹിക മേഖലകളിൽനിന്നുള്ള മലിനീകരണം, ജലശുദ്ധീകരണത്തിന് നാനോടെക്നോളജിയുടെ ഉപയോഗം, ബയോളജിക്കൽ ട്രീറ്റ്മെന്റ്സ് തുടങ്ങി ജലമലിനീകരണവുമായി ബന്ധപ്പെട്ടും ശുദ്ധീകരണവുമായി ബന്ധപ്പെട്ടുമുള്ള വിവിധ വിഷയങ്ങൾ ചർച്ചചെയ്യും.

**എ. അരുൺ കുമാർ**

**പബ്ലിക് റിലേഷൻസ് ഓഫീസർ**